**ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്**
ആറ്റുകാൽ, തിരുവനന്തപുരം - 9

സി1/3313/2024/എബിറ്റിറ്റി/1488 തീയതി: 06.05.2024

## ക്വട്ടേഷൻ പരസ്യം

ആറ്റുകാൽ ഭഗവതി ക്ഷേത്ര ട്രസ്റ്റ് വക വസ്തുവിൽ നിന്നും മുറിച്ചുമാറ്റി ട്രസ്റ്റ് ഓഫീസ് പരിസരത്തു സൂക്ഷിച്ചിട്ടുള്ള താഴെ വിവരിക്കും പ്രകാരം അളവുകളിലുള്ള തേക്കു തടി വാങ്ങുന്നതിന് സ്ഥാപനങ്ങളിൽ നിന്നോ, വ്യക്തികളിൽ നിന്നോ മത്സര സ്വഭാവമുള്ളതും മുദ്ര വച്ചതുമായ ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

## തേക്കും തടിയുടെ അളവ്

| നീളം | | ചുറ്റളവ് |
|---|---|---|
| 1. 1.40 മീറ്റർ | – | 0.85 മീറ്റർ |
| 2. 2.00 മീറ്റർ | – | 0.90 മീറ്റർ |
| 3. 2.10 മീറ്റർ | – | 0.75 മീറ്റർ |
| 4. 1.92 മീറ്റർ | – | 1.10 മീറ്റർ |

ക്വട്ടേഷൻ തുക വെള്ള പേപ്പറിലോ,ലെറ്റർ പാഡിലോ രേഖപ്പെടുത്തി **12.05.2024** നു മുൻപായി **1000/-രൂപ** നിരതദ്രവ്യം(ടി തുകയുടെ ഡിഡി അല്ലെങ്കിൽ ട്രസ്റ്റാഫീസിൽ തുക അടച്ച രസീത്) സഹിതം **സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, തിരുവനന്തപുരം-9** എന്ന വിലാസമെഴുതിയ സീൽഡ് കവറിൽ സമർപ്പിക്കേണ്ടതാണ്. കവറിനു പുറത്ത് **"തേക്ക് തടി വാങ്ങുന്നതിനുള്ള ക്വട്ടേഷൻ "** എന്ന് രേഖപ്പെടുത്തേണ്ടതാണ്. **13.05.2024** ന് **രാവിലെ 10.00** മണിക്ക് **അംബ ആഡിറ്റോറിയത്തിൽ** വച്ച് മേൽ തേക്കു തടികളുടെ വിൽപനയ്ക്കുള്ള പരസ്യലേലവും നടക്കുന്നതാണ്. **1000/-രൂപ** നിരതദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. പരസ്യലേലം പൂർത്തിയായ ശേഷം ലഭിച്ച ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തുകയേക്കാൾ ഉയർന്ന ക്വട്ടേഷൻ ലഭിച്ചിട്ടുള്ള പക്ഷം ക്വട്ടേഷൻ സമർപ്പിച്ച വ്യക്തിയുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലത്തുകയാണ് ഉയർന്നതെങ്കിൽ ടി തുക വിളിച്ച ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷൻ തുക/ലേലത്തുക രണ്ട് ദിവസത്തിനകം അടയ്ക്കേണ്ടതും അതിനുശേഷം മൂന്നു ദിവസത്തിനകം തടി കൊണ്ടുപോകേണ്ടതുമാണ്.

തേക്ക് തടി ലേലത്തിൽ/ ക്വട്ടേഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആയതിനു മുൻപായി ഉൽപന്നങ്ങളുടെ ഗുണനിലവാരവും അളവും നേരിൽ കണ്ട് ബോധ്യപ്പെട്ടു കൊള്ളേണ്ട

താണ്. പിന്നീടുള്ള  പരാതികൾ പരിഗണിക്കുന്നതല്ല.  നിശ്ചിത സമയത്തിനുള്ളിൽ തുക ഒടുക്കാൻ വീഴ്ച വരുത്തിയാൽ ലേലം/ക്വട്ടേഷൻ  റദ്ദ് ചെയ്യുകയും പുനർ ലേലം/ക്വട്ടേഷൻ നടത്തുന്നതുമാണ്. ക്വട്ടേഷനെ/ലേലത്തെ സംബന്ധിച്ചുള്ള എല്ലാ ട്രസ്റ്റ് നിയമങ്ങളും ഈ ക്വട്ടേഷനും/ലേലത്തിനും ബാധകമാണ്. വിശദ വിവരങ്ങൾ ട്രസ്റ്റ് ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.

ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റിനു വേണ്ടി

സെക്രട്ടറി

നോട്ടീസ് ബോർഡ്: ക്ഷേത്രം
ആഫീസ്
വെബ്സൈറ്റ്

പകർപ്പ്: പ്രസിഡന്റ്, എബിറ്റിറ്റി
കൺവീനർ, വർക്സ് കമ്മിറ്റി
കൺവീനർ, ക്രയവിക്രയ കമ്മിറ്റി
കൺവീനർ, കൃഷി കമ്മിറ്റി
സൂപ്രണ്ട്, ട്രസ്റ്റാഫീസ്
ഫയൽ

lbs